9153/എഫ്/2015/കെ.എസ്സ്.എച്ച്.ഒ 12..06..2018

# പരിപത്രം

വിഷയം :- കുടുംബശ്രീ - കുടുംബശ്രീ എൻ.യു.എൽ.എം-സ്പർശം ക്യാമ്പെയിൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം - തുടർ പ്രവർത്തനങ്ങൾ - സംബന്ധിച്ച്.

സൂചന:- എൻ.യു.എൽ.എം - സ്പർശം ക്യാമ്പെയിൻ ഡാറ്റ

കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികളുടേയും സ്കീമുകളുടേയും പ്രയോജനം അർഹരായ എല്ലാ നഗരദരിദ്രരിലേക്കും എത്തിക്കുന്നതിനു ആവശ്യമുള്ള വ്യക്തികളെ കണ്ടെത്തുന്നതിനും നഗരതലത്തിൽ സ്പർശം ക്യാമ്പെയിൻ സംഘടിപ്പിച്ചിരുന്നു. ഇതിൽ സ്വയംതൊഴിൽ ചെയ്യാൻ താല്പര്യപ്പെടുന്നവരേയും, വേതനാധിഷ്ഠിത തൊഴിൽ ആവശ്യമായവരുടേയും വിവരങ്ങൾ ഈ ക്യാമ്പെയിനിൽ ശേഖരിച്ചിരുന്നു. ഇതിൽ പ്രകാരം 43037 വ്യക്തികൾ സ്വയം തൊഴിൽ മേഖലയിലേക്ക് വരാൻ താൽപര്യപ്പെടുന്നുണ്ട്. ഇവർക്ക് സ്വയം തൊഴിൽ പദ്ധതി സംബന്ധിച്ചും കുടുംബശ്രീ നൽകുന്ന വിവിധ സഹായം (പലിശ സബ്സിഡി, പരിശീലനം) സംബന്ധിച്ചും, വൈവിധ്യമാർന്ന സംരംഭ മേഖല സംബന്ധിച്ചും അവബോധം നൽകുന്നത് സംരംഭ മേഖല തെരഞ്ഞെടുക്കുന്നതിനും തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമാകും.

കൂടാതെ, ലൈഫ്/പിഎംഎവൈ പദ്ധതി ഗുണഭോക്താക്കൾ/കുടുംബാംഗങ്ങൾക്ക് ആവശ്യമായ പക്ഷം സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സേവനം ലഭ്യമാക്കണമെന്ന് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ സ്പർശം ക്യാമ്പെയിനിൽ കണ്ടെത്തിയ വ്യക്തികൾക്കും, താൽപര്യപ്പെടുന്ന പിഎംഎവൈ/ലൈഫ് ഗുണഭോക്താക്കൾക്കും ഒരു ശില്പശാല സംഘടിപ്പിക്കേണ്ടതാണ്. ഇതിലൂടെ സ്വയംതൊഴിൽ ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യക്തികളെ കണ്ടെത്തുകയും ഇവർക്ക് ആവശ്യമായ സേവനം (പരിശീലനം, പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കൽ, ടാസ്ക് ഫോഴ്സ് കമ്മിറ്റി അംഗീകാരം, പലിശ സബ്സിഡി ലഭ്യമാക്കൽ) സമയബന്ധിതമായി നൽകി സംരംഭം ആരംഭിക്കാൻ ആവശ്യമായ സഹായം നൽകേണ്ടതുമാണ്. ഇതിനായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. **വാർഡുതലത്തിൽ പട്ടിക തയ്യാറാക്കൽ**

സ്പർശം ക്യാമ്പെയിൻ ഡാറ്റായിൽ നിന്നും സംരംഭം ആരംഭിക്കാൻ താല്പര്യം പ്രകടിപ്പിച്ച വ്യക്തികളുടെ പട്ടിക വാർഡ്തലത്തിൽ തയ്യാറാക്കുക. ആയതിന്റെ ഒരു പകർപ്പ് എഡിഎസ്, വാർഡ് കൗൺസിലർക്ക് നൽകുക.

ഉത്തരവാദിത്വം : എം.ടി.പി

തീയതി : 08/06/18

2. **വാർഡുതലത്തിൽ യോഗം**

സംരംഭം ആരംഭിക്കാൻ താല്പര്യപ്പെടുന്നവരുടെ എണ്ണത്തിനനുസരിച്ച് ഒരു വാർഡിലോ, എണ്ണം കുറവാണെങ്കിൽ ഒന്നോ രണ്ടോ വാർഡ് സംയോജിച്ചോ യോഗം വിളിച്ച് എസ്.ഇ.പി പദ്ധതി പരിചയപ്പെടുത്തേണ്ടതാണ്. ഇതിൽ പ്രധാനമായും സ്വയംതൊഴിൽ പദ്ധതി, പലിശ സബ്സിഡി സ്കീം എന്നിവ സംബന്ധിച്ച് അവബോധം നൽകേണ്ടതാണ്. ഒരു യോഗത്തിൽ പരമാവധി 50 പേരെ പങ്കെടുപ്പിച്ചാൽ മതി. യോഗത്തിന് ശേഷം താല്പര്യമുള്ളവരെ കണ്ടെത്തി അവരുടെ മേഖല കണ്ടെത്തി പട്ടിക തയ്യാറാക്കേണ്ടതാണ്.

ഉത്തരവാദിത്വം : സി.എം.എം/സി.ഒ ഒരേ ദിവസം സമാന്തരമായി വാർഡ്തല മീറ്റിംഗ് സംഘടിപ്പിക്കാവുന്നതാണ്.

തീയതി : 20/06/18

3. **സി.ഡി.എസ് തലത്തിൽ പൊതു അവബോധ പരിപാടി**

വാർഡുതലത്തിൽ അവബോധ പരിപാടി സംഘടിപ്പിച്ചതിൻ പ്രകാരം സംരംഭം ആരംഭിക്കാൻ താല്പര്യപ്പെടുന്ന വ്യക്തികളുടെ പട്ടിക തയ്യാറാക്കി ഇവർക്ക് വ്യത്യസ്ത സംരംഭ മേഖലകൾ പരിചയപ്പെടുത്തുന്നതിനും, ബാങ്ക് നടപടികൾ, പദ്ധതി തയ്യാറാക്കൽ എന്നിവ വിശദമാക്കുന്നതിനും സിഡിഎസ് തലത്തിൽ യോഗം വിളിക്കേണ്ടതാണ്.

ഈ യോഗത്തിൽ ബാങ്കിന്റെ പ്രതിനിധി, ലീഡ് ബാങ്ക് മാനേജർ എന്നിവരെ വിളിക്കേണ്ടതും ബാങ്കിന്റെ നടപടിക്രമങ്ങളും, സിബിൽ സ്കോറിംഗിന്റെ പ്രസക്തി എന്നിവ സംബന്ധിച്ച് വിവരങ്ങൾ നൽകേണ്ടതുമാണ്.

കൂടാതെ കേരളത്തിലുടനീളം കുടുംബശ്രീ സംവിധാനത്തിനു കീഴിലുള്ള വ്യത്യസ്ത സംരംഭങ്ങൾ സംബന്ധിച്ച അവതരണവും, മിഷൻ നൽകുന്ന സഹായം സംബന്ധിച്ച വിവരങ്ങളും സിറ്റി മിഷൻ മാനേജർമാർ നൽകേണ്ടതാണ്.

- സി.ഡി.എസ് തലത്തിൽ യോഗം സംഘടിപ്പിക്കൽ

ഉത്തരവാദിത്വം : സി.എം.എം

- സംരംഭ മേഖല തെരഞ്ഞെടുത്തവരുടെ പട്ടിക തയ്യാറാക്കൽ –

ഉത്തരവാദിത്വം : എം.ടി.പി/സി.ഒ

തീയതി : 30/06/18

**4. ഇ.ഡി.പി പരിശീലനം സംഘടിപ്പിക്കൽ**

സംരംഭ മേഖല തെരഞ്ഞെടുത്ത വ്യക്തികൾക്ക് ഇ.ഡി.പി പരിശീലനം നൽകുന്നതിന് ആർ.എസ്.ഇ.ടി.ഐ/എം.ഇ.സി സംവിധാനം ഉപയോഗിക്കേണ്ടതാണ്.

ഉത്തരവാദിത്വം : സി.എം.എം

തീയതി : 30/07/18 (ഒരു ബാച്ചെങ്കിലും)

**5. പ്രോജക്ട് ക്ലിനിക്ക് സംഘടിപ്പിക്കൽ**

ടാസ്ക് ഫോഴ്സിൽ സമർപ്പിക്കുന്നതിന് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് എം.ഇ.സി/ബാങ്കിംഗ് ആർ.പി/ഇതര വ്യക്തികളുടെ സേവനം ഉപയോഗിക്കേണ്ടതാണ്. ഇ.ഡി.പി പരിശീലനത്തിന് പോകുന്ന/പരിശീലനം പൂർത്തിയാക്കിയ വ്യക്തികളുടെ താല്പര്യത്തിനനുസരിച്ച് പദ്ധതി തയ്യാറാക്കി നൽകേണ്ടതാണ്. പദ്ധതി തയ്യാറാക്കുന്നതിന് മുൻപ് ഈ വ്യക്തികളുടെ സിബിൽ സ്കോർ ബാങ്കിൽ നിന്നും ശേഖരിക്കേണ്ടതാണ്. കൂടാതെ പദ്ധതി ബാങ്കിൽ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ ഇതോടൊപ്പം ശേഖരിക്കേണ്ടതാണ്.

ഉത്തരവാദിത്വം : സി.എം.എം

തീയതി : 15/08/18

6. **ടാക്സ് ഫോഴ്സ് കമ്മിറ്റി യോഗം.**

ലഭ്യമായ അപേക്ഷകൾ ടാസ്ക് ഫോഴ്സ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന്, യോഗത്തിനുള്ള തീയതി നിശ്ചയിച്ച് യോഗം ചേരേണ്ടതും, അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കേണ്ടതുമാണ്.

ഉത്തരവാദിത്വം : സി.എം.എം

തീയതി : 30/08/18

7. **ഫോളോ അപ്**

അപേക്ഷകളുടെ ഫോളോഅപ് സി.ഡി.എസ്/സി.ഒ നടത്തേണ്ടതാണ്. അത്തരത്തിൽ നൽകിയ അപേക്ഷകൾ എല്ലാ ബാങ്കുകളും തീർപ്പാക്കി എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഉത്തരവാദിത്വം : സി.ഒ/സി.ഡി.എസ്

തീയതി : 15/09/18

ഇത്തരത്തിൽ പദ്ധതി തെരഞ്ഞെടുക്കുമ്പോൾ കുടുംബശ്രീ മിഷൻ മുൻതൂക്കം നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതിന് ശ്രമിക്കേണ്ടതാണ്. കൂടാതെ നഗരവികസന ഫണ്ടിൽ രൂപം കൊടുത്തിട്ടുള്ള സംരംഭക പദ്ധതികൾക്കും ആവശ്യമായ ഗുണഭോക്താക്കളെ ഇത്തരത്തിൽ കണ്ടെത്തിക്കൊടുക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം എൻ.യു.എൽ.എം ടാർഗറ്റ് പൂർത്തീകരിക്കുന്നതിനും, അർഹരും താല്പര്യപ്പെടുന്നവരുമായ മുഴുവൻ നഗരദരിദ്രർക്കും (സ്പർശം) സ്വയം തൊഴിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ക്യാമ്പെയിൻ രീതിയിൽ നടത്തേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം

ഷെഡ്യൂൾ:

| ക്രമ നമ്പർ | ഇനം | തീയതി | ഉത്തരവാദിത്വം |
| --- | --- | --- | --- |
| 1 | വാർഡ് തലത്തിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള വ്യക്തികളുടെ പട്ടിക തയ്യാറാക്കൽ | 08/06/18 | എം.റ്റി.പി. |
| 2 | വാർഡുതലത്തിൽ യോഗം | 20/06/18 | സിഎംഎം/ സിഒ |
| 3 | സി.ഡി.എസ് തലത്തിൽ പൊതു അവബോധ പരിപാടി | 30/06/18 | എം.റ്റി.പി. / സിഒ |
| 4 | ഇ.ഡി.പി പരിശീലനം സംഘടിപ്പിക്കൽ | 30/07/18 | സിഎംഎം |
| 5 | പ്രോജക്ട് ക്ലിനിക്ക് സംഘടിപ്പിക്കൽ | 15/08/18 | സിഎംഎം |
| 6 | ടാക്സ് ഫോഴ്സ് കമ്മിറ്റി യോഗം | 30/08/18 | സിഎംഎം |
| 7. | ഫോളോ അപ് | 15/09/18 | സിഒ/സിഡിഎസ് |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ